**15 -ാം കേരള നിയമസഭ**

**6 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 553** **24-08-2022 - ൽ മറുപടിയ്ക്ക്**

**നിത്യോപയോഗ സാധനങ്ങളുടെ നികുതി വർദ്ധന**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. ടി. സിദ്ദിഖ് | | ശ്രീ കെ എൻ ബാലഗോപാൽ<br>(ധനകാര്യ വകുപ്പ് മന്ത്രി) | |
| (എ) | 40 ലക്ഷം രൂപയിൽ താഴെ വിറ്റുവരവുള്ള ചെറുകിട കച്ചവടക്കാർ ജി.എസ്.ടി. നിയമത്തിന്റെ പരിധിയിൽ വരുന്നുണ്ടോ; വ്യക്തമാക്കുമോ; | (എ) | സംസ്ഥാന ചരക്ക സേവന നികുതി നിയമത്തിലെ വകുപ്പ് 22 പ്രകാരം പ്രതിവർഷം 40 ലക്ഷം രൂപ വരെ വിറ്റുവരവുള്ള ചെറുകിട വിൽപ്പനക്കാർ ജി.എസ്.ടി. രജിസ്ട്രേഷൻ എടുക്കേണ്ടതില്ല. |
| (ബി) | ഇല്ലെങ്കിൽ ചെറുകിട കച്ചവടക്കാരെയും കുടുംബശ്രീക്കാരെയും ജി.എസ്.ടി. കൗൺസിൽ നിർദ്ദേശിച്ച നിത്യോപയോഗ സാധനങ്ങളുടെ അഞ്ച് ശതമാനം നികുതി വർദ്ധനയിൽ നിന്നും ഒഴിവാക്കിയതായി സംസ്ഥാന ധനകാര്യ മന്ത്രി പ്രസ്താവന നടത്തിയതിന്റെ അടിസ്ഥാനം എന്താണെന്ന് വ്യക്തമാക്കുമോ? | (ബി) | സംസ്ഥാന ചരക്ക സേവന നികുതി നിയമത്തിലെ വകുപ്പ് 22 പ്രകാരം പ്രതിവർഷം 40 ലക്ഷം രൂപ വരെ വിറ്റുവരവുള്ള വിൽപ്പനക്കാർ രജിസ്ട്രേഷൻ എടുക്കേണ്ട കാര്യമില്ല. സംസ്ഥാന ചരക്ക സേവന നികുതി നിയമത്തിലെ വകുപ്പ് 10 പ്രകാരം പ്രതിവർഷം 1.5 കോടി രൂപ വരെ വിറ്റുവരവുള്ള നികുതിദായകർക്ക് കോമ്പോസിഷൻ സ്കീമിന്റെ സൗകര്യം നൽകുന്നു. ഇത്തരത്തിലുള്ള ഏകദേശം 50,000 കടകൾ കേരളത്തിലുണ്ട്. ഈ രണ്ട് വിഭാഗങ്ങളും ചെറുകിട മേഖലയിൽ പ്രവർത്തിക്കുന്നവ ആണ്. ഇവർ ഉപഭോക്താക്കളിൽ നിന്ന് നികുതി ഈടാക്കേണ്ടതില്ല. ഇതുപോലെ ഉപഭോക്താവിന്റെ സാന്നിധ്യത്തിൽ സാധനങ്ങൾ പായ്ക്ക് ചെയ്യുന്ന സ്ഥാപനങ്ങളും നികുതി ഈടാക്കാൻ പാടില്ല. ഈ വിഭാഗത്തിൽപ്പെട്ടവർ നികുതി പിരിക്കുന്നതായി കണ്ടെത്തിയാൽ സംസ്ഥാന ചരക്ക സേവന നികുതി നിയമപ്രകാരം കർശന നടപടികൾ സ്വീകരിക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ